**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1637** **20-06-2024 - ൽ മറുപടിയ്ക്ക്**

**സ്വന്തമല്ലാത്ത ഭൂമിയിൽ കൃഷിചെയ്യുന്ന കർഷകർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷിചെയ്യുന്ന കർഷകരുടെ കണക്കും ഇത്തരത്തിൽ കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വിവരശേഖരണത്തിന്റെ നോഡൽ ഏജൻസിയായ സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് 2015-16 വർഷം അടിസ്ഥാനമാക്കി നടത്തിയ പത്താമത് കാർഷിക സെൻസസിന്റെ റിപ്പോർട്ട് പ്രകാരം ലഭ്യമായ കൃഷി ഭൂമി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ പാട്ട വ്യവസ്ഥയിലും അല്ലാതെയും കൃഷി ചെയ്യുന്നതിന്റെ വിവരങ്ങൾ | |
|---|---|---|
| | കൈവശാനുഭവ ഭൂമികളുടെ (ഹോൾഡിംഗുകളുടെ) എണ്ണം | വിസ്തൃതി (ഹെക്ടറിൽ) |
| തിരുവനന്തപുരം | 1070 | 19.5 |
| കൊല്ലം | 1229 | 20.9 |
| പത്തനംതിട്ട | 539 | 92.3 |
| ആലപ്പുഴ | 1699 | 434.6 |
| കോട്ടയം | 1096 | 379.2 |
| ഇടുക്കി | 15744 | 13013.8 |
| എറണാകുളം | 1981 | 472.5 |
| തൃശ്ശൂർ | 164 | 39.2 |
| പാലക്കാട് | 1170 | 292.5 |
| മലപ്പുറം | 447 | 153 |
| കോഴിക്കോട് | 377 | 109.8 |
| വയനാട് | 8029 | 1374.9 |
| കണ്ണൂർ | 408 | 150.7 |
| കാസറഗോഡ് | 195 | 48 |
| **ആകെ** | **34148** | **16600.9** |

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകരെ | (ബി) | പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം വിത്ത് തൈകളുടെ വിതരണം കൂടാതെ പച്ചക്കറി കൃഷി ചെയ്യുന്നതിന് RS. 20000-25000/ ha വരെ സഹായം |

| | | | |
|---|---|---|---|
| | പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ കൃഷി വകുപ്പ് നൽകിവരുന്നതന്നും എന്തൊക്കെ ആനുകൂല്യങ്ങൾ പുതുതായി നൽകുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ? | | നൽകി വരുന്നു. കൃത്യത കൃഷിക്കായി ഹെക്ടറിന് ഒരു ലക്ഷം രൂപ ആണ് മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് സഹായം. നെൽ കർഷകർക്കായി സുസ്ഥിര നെൽകൃഷി വികസന പദ്ധതി മുഖാന്തിരം ഹെക്ടറിന് 5500/- രൂപയാണ് സഹായം. കൂടാതെ ഉല്പാദനോപാധികളായ നെൽവിത്ത്, വളം, കുമ്മായം എന്നിവയ്ക്ക് സബ്സിഡി നൽകുന്നു. NFSM പദ്ധതി പ്രകാരം പ്രദർശനത്തോട്ടങ്ങൾക്കും ആനുകൂല്യം നൽകുന്നുണ്ട്. തരിശു നില നെൽകൃഷിക്കായി 40000/- രൂപ ധനസഹായം നൽകുന്നുണ്ട്. ഏകവർഷ ഫല വർഗ്ഗ വിളകളായ വാഴ, പൈനാപ്പിൾ എന്നിവയ്ക്കും വെറ്റില, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ വിള വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും പുഷ്പകൃഷി നടത്തുന്നതിനും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. ഫാം പ്ലാൻ പദ്ധതി പ്രകാരം കൃഷിക്കൂട്ടങ്ങൾ രൂപികരിച്ച് കൃഷി ചെയ്യുന്ന ഉല്പാദനമേഖലയിലെ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർ/വ്യക്തിഗത കർഷകർ എന്നിവർക്ക് മാതൃക സംയോജിത കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കാൻ (ഐ.എഫ്.എസ് പ്ലോട്ട്) 25000/- രൂപ സഹായം, ഇതോടൊപ്പം Non IFS മാതൃക തോട്ടങ്ങൾ സ്ഥാപിക്കുവാനുള്ള സഹായവും, മൂല്യവർദ്ധിത/ സേവനമേഖല കൃഷിക്കൂട്ടങ്ങൾക്കു വെഞ്ചർ ക്യാപിറ്റൽ ഫണ്ടും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ